ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായ വാണിജ്യ വകുപ്പ് മുഖേന വ്യവസായ വികസനത്തിന് നീക്കിവെച്ച തുകയുടെ വിശദവിവരം അനുബന്ധം-I ആയും, കെ.എസ്.ഐ.ഡി.സി. മുഖേന നീക്കിവെച്ച തുകയുടെ വിവരം അനുബന്ധം-II ആയും, പി.എസ്.യു.-വിന് നീക്കിവവെച്ച തുകയുടെ വിവരം അനുബന്ധം-III ആയും ചേർത്തിരിക്കുന്നു.*

(ബി) വ്യവസായ വാണിജ്യ വകുപ്പ് മുഖേന മലപ്പുറം ജില്ലയിൽ പുതിയതായി തുടങ്ങിയ 1221 വ്യവസായ സ്ഥാപനങ്ങൾക്ക് ഇ.എം. പാർട്ട്-2 ഫയൽ ചെയ്തിട്ടുണ്ട്. അവയിലൂടെ ഏകദേശം 6322 പേർക്ക് തൊഴിലവസരങ്ങൾ ലഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖേന തുടങ്ങിയ യെൻകേ കോംപ്ലെക്സ് പ്രൈ. ലിമിറ്റഡ് (കടവ് റിസോർട്ട്) എന്ന പദ്ധതി മുഖേന 65 പേർക്ക് തൊഴിലവസരം ഉണ്ടായിട്ടുണ്ട്. കൂടാതെ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ സ്ഥാപിച്ചിട്ടുള്ള ഭക്ഷ്യ സംസ്കരണ പാർക്കിലും നിയോ സ്പേസിലും വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതുവഴി 811 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) വ്യവസായ വാണിജ്യ വകുപ്പ് മുഖേന 46 വ്യവസായ സ്ഥാപനങ്ങളും കെ.എസ്.ഐ.ഡി.സി. മുഖേന യെൻകേ കോംപ്ലെക്സ് പ്രൈ. ലിമിറ്റഡ് എന്ന ഒരു പദ്ധതിയുമാണ് മഞ്ചേരി മണ്ഡലത്തിൽ തുടങ്ങിയത്.

കെ.എസ്.ഐ.ഇ.യിലെ നിയമനങ്ങൾ

155 (2185) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഇ. എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാരെത്ര ; താൽക്കാലിക ജീവനക്കാരെത്ര എന്ന് വ്യക്തമാക്കുമോ ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമനരീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേരെ പിരിച്ചുവിട്ടു ; എത്ര പേരെ പുതുതായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. യുടെ അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1973 ജനുവരിയിലാണ് കെ.എസ്.ഐ.ഇ. എന്ന സ്ഥാപനം ആരംഭിച്ചത്.

(ബി) 1-6-2005-ൽ കെ.എസ്.ഐ.ഇ.-ൽ ഉണ്ടായിരുന്ന ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

സ്ഥിരം ജീവനക്കാർ	..	69
ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ (കെ.എസ്.എസ്.സി.യിൽ കെ.ഇ.എൽ. ൽനിന്നും)	..	2
വർക്കിംഗ് അറേഞ്ച്മെന്റിൽ (കെ.എസ്.ഡി.സി. വർക്കേഴ്സ്)	..	21
കാഷ്വൽ വർക്കേഴ്സ്		8
ആകെ		100

(സി) കെ.എസ്.ഐ.ഇ.-ൽ മാനേജീരിയൽ കാറ്റഗറിയിലുള്ള ജീവനക്കാർക്കും സ്റ്റാഫ് കാറ്റഗറിയിലുള്ള ജീവനക്കാർക്കും പ്രത്യേകം പ്രത്യേകം റിക്രൂട്ട്മെന്റ് റൂൾസ് ഉണ്ട്. സ്റ്റാഫ് കാറ്റഗറിയിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേനയും മാനേജീരിയൽ കാറ്റഗറിയിലേക്ക് നേരിട്ടുമാണ് നിയമനം നടത്തുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലിക്കറ്റ് എയർ കാർഗോ കോംപ്ലക്സിൽ വർക്കിംഗ് അറേഞ്ച്മെന്റ് ബേസിസിൽ ജോലി ചെയ്തിരുന്ന 21 കെ.എസ്.ഡി.സി. വർക്കേഴ്സിനെ മാതൃസ്ഥാപനത്തിലേക്ക് മടക്കി അയച്ചിരുന്നു. പുതുതായി നിയമിച്ചവരുടെ വിവരം താഴെ ചേർക്കുന്നു :

നേരിട്ടുള്ള നിയമനം	- 3
പി.എസ്.സി. മുഖേന	- 1
അബ്സോർപ്ഷൻ മുഖേന	- 2

(ഇ) ഇല്ല.

(എഫ്) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു :

സ്ഥിരം ജീവനക്കാർ	..	53
ഡെപ്യൂട്ടേഷൻ മുഖേന	..	7
കാഷ്വൽ വർക്കേഴ്സ്	..	8
കാരാർ അടിസ്ഥാനത്തിൽ		3
ആകെ		71

ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി

156 (2186) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ പല യൂണിറ്റുകളും പ്രവർത്തനരഹിതമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; അതിനുള്ള കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുന്ന കാര്യത്തിൽ നിലനിൽക്കുന്ന കാലതാമസവും അഴിമതിയും സംരംഭകർക്ക് ഭീഷണിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) മെഷിനറിയുടെയും അസംസ്കൃത വസ്തുക്കളുടെയും കയറ്റിറക്കു പ്രശ്നവും, നോക്കുകൂലിയും, അട്ടിമറിക്കൂലിയും, തുടർന്നുള്ള സംഘർഷങ്ങളും ചെറുകിട, വൻകിട വ്യവസായങ്ങൾക്ക് ഭീഷണിയാകുന്നു എന്ന സംരംഭകരുടെ പരാതി പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ് തൊഴിൽ വകുപ്പുമായി ചേർന്ന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഇ) ചെറുകിട വ്യവസായ സംരംഭകർക്ക് ന്യായവിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനും ഉല്പന്നങ്ങൾ വിറ്റഴിക്കാനും എന്തൊക്കെ സഹായങ്ങളാണ് ചെയ്തുകൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കഴിഞ്ഞ നാലു വർഷങ്ങളിലെ വ്യവാസായ വളർച്ചാനിരക്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ചില യൂണിറ്റുകൾ പ്രവർത്തനരഹിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly